(ബി) സർക്കാർ പുറപ്പെടുവിച്ച ധവളപത്രത്തിൽ കെ.എസ്.ആർ.ടി. സി.-യുടെ പ്രതിവർഷ നഷ്ടം എത്രയാണെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(സി) സാമൂഹ്യ ബാദ്ധ്യതകൾ നിർവ്വഹിക്കുന്നതുമൂലം ഉണ്ടാകുന്ന നഷ്ടം കണക്കാക്കി അത്രയും തുക കെ. എസ്. ആർ. ടി. സി.-യിൽ മൂലധന നിക്ഷേപം നടത്താൻ സർക്കാർ തയ്യാറാകുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ. എസ്. ആർ. ടി. സി.-ക്ക് സർക്കാർ നൽകിയ തുകയുടെ വിശദാംശം വെളിപ്പെടുത്തുമോ; ഇത് സാമൂഹ്യ ബാദ്ധ്യതകൾ നിർവ്വഹിക്കുന്നതുമൂലം ഉണ്ടായ നഷ്ടത്തിന്റെ എത്ര ശതമാനം തുകയാണെന്ന് വെളിപ്പെടുത്താമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) നിലവിലുള്ള സംസ്ഥാന സാമ്പത്തിക സ്ഥിതി കണക്കിലെടുക്കുമ്പോൾ ഇക്കാര്യം ഇപ്പോൾ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

(ബി) സർക്കാർ പുറപ്പെടുവിച്ച ധവളപത്രം പ്രകാരം 2000-01-ലെ കണക്കനുസരിച്ച് കെ. എസ്. ആർ. ടി. സി.-യുടെ നഷ്ടം 130 കോടി രൂപയാണ്.

(സി) നിലവിലുള്ള സാമ്പത്തിക സ്ഥിതി കണക്കിലെടുക്കുമ്പോൾ ഇക്കാര്യവും പരിഗണിക്കുവാൻ നിർവ്വാഹമില്ല.

(ഡി) 2001-2002, 2002-2003 വർഷങ്ങളിലെ ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്ന 11 കോടി രൂപ സർക്കാർ കെ. എസ്. ആർ. ടി. സി.-ക്ക് നൽകിയിട്ടുണ്ട്.

## ദേശീയ സഹകരണ വികസന കോർപ്പറേഷൻ തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ

* 21 [833] ശ്രീ. ബിനോയ് വിശ്വം:

,, എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുർബല വിഭാഗങ്ങളുടേയും കർഷകരുടേയും ക്ഷേമത്തിനായി ദേശീയ സഹകരണ വികസന കോർപ്പറേഷൻ തയ്യാറാക്കിയിട്ടുള്ള പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ആ പദ്ധതികൾ എന്തെല്ലാമാണെന്നും ഓരോ പദ്ധതിക്കും എത്ര കോടി രൂപ വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ദുർബല വിഭാഗങ്ങളുടേയും കർഷകരുടേയും ക്ഷേമത്തിനായുള്ള താഴെപ്പറയുന്ന പദ്ധതികൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്:

പൊതുവിഭാഗം:

| | | | | |
|---|---|---|---|---|
| 1. | ഗോഡൗൺ നിർമ്മാണം | .. | 16.76 | കോടി രൂപ |
| 2. | ഓയിൽ പ്രോസസ്സിംഗ് | .. | 74.25 | ,, |
| 3. | റബ്ബർ-പഴം-പച്ചക്കറി സംസ്കരണം | .. | 36.42 | ,, |
| 4. | ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ (വളം, കീടനാശിനി വിതരണം) | .. | 9.78 | ,, |
| 5. | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം | .. | 2.27 | ,, |

സംയോജിത സഹകരണ വികസന പദ്ധതി:

| | | | | |
|---|---|---|---|---|
| 6. | കൃഷി | .. | 38.65 | ,, |
| 7. | വനിതാ സഹകരണ സംഘങ്ങൾ | .. | 0.38 | ,, |
| 8. | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം | .. | 0.46 | ,, |
| | ആകെ | .. | 178.97 | ,, |

## വ്യവസായരംഗത്ത് നിക്ഷേപം ആകർഷിക്കുന്നതിന് പ്രമോഷണൽ ഏജൻസികളായി പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ടുകൾ

* 22 [834] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ:
,, മഞ്ഞളാംകുഴി അലി:
,, കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ രംഗത്ത് നിക്ഷേപം ആകർഷിക്കുന്നതിന് പ്രമോഷണൽ ഏജൻസികളായി പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂഷനുകൾ ഏതൊക്കെയാണ്;

(ബി) അവയുടെ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(സി) അവ ഓരോന്നും ഏതെല്ലാം നിലയിലുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ സംഘടിപ്പിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; മുൻവർഷവും തന്നാണ്ടിലും ബഡ്ജറ്റിൽ ഈ ഏജൻസികൾക്ക് അധികമായി വകയിരുത്തിയ തുക എത്ര; ഇതിനകം എന്ത് തുക ചെലവഴിക്കുകയുണ്ടായി;

LIBRARY ARCHIVES Kerala Legislative Assembly